റാവുബഹദൂർ ടി. കെ. നായർ: ഞാനും അങ്ങിനെതന്നെയാണു് ധരിച്ചു വെച്ചിരിക്കുന്നതു്. അങ്ങിനെയില്ലെങ്കിൽ അതു ചെയ്യണമെന്നുള്ള ഏർപ്പാടു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഡോക്ടർമാരുടെ ക്ഷണക്കത്തുകൂടാതെ തന്നെ മാണ്ഠറി വിസിറ്റേഴ്സിനു് വിസിറ്റു ചെയ്തു് അവരുടെ റിമാർക്സു് ബുക്കിൽ എഴുതുവാനുള്ള അധികാരമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ വിസിറ്റു ചെയ്താൽ അതു് ചീഫ് മെഡിക്കൽ ആഫീസ്സർക്കു് റിപ്പോർട്ടു ചെയ്യുവാനുള്ള അധികാരമുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: വിസിറ്റേഴ്സു് ബുക്കിൽ രേഖപ്പെടുത്തുവാൻ അധികാരമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അവിടെ പോയിട്ടു് ഡോക്ടർമാരോടു് ചോദിച്ചിട്ടു പുസ്തകം കിട്ടുകയാണെങ്കിൽ അഭിപ്രായം രേഖപ്പെടുത്താം.

മിസ്റ്റർ കെ. ഐ. വേലായുധൻ: അതിനു വിഷമമുണ്ടെങ്കിൽ സിവിൽ സർജ്ജന്റെ ക്ഷണക്കത്തു കിട്ടുന്നതുവരെ കാത്തിരിക്കേണ്ടിവരികയില്ലെ?

റാവുബഹദൂർ ടി. കെ. നായർ: വിസിറ്റേഴ്സിനു അവരുടെ അഭിപ്രായം എഴുതി അയക്കാം. അങ്ങിനെ അവിചാരിതമായിട്ടുള്ള സന്ദർശനം കൊണ്ടു് ഡോക്ടർമാക്കു് യാതൊരു ബുദ്ധിമുട്ടും നേരിടുവാൻ പാടില്ല. അതുകൊണ്ടു് അവിടെ ചെന്നിട്ടു് പുസ്തകം കിട്ടുവാനും മറ്റും വിഷമമാണെന്നു തോന്നുകയാണെങ്കിൽ ആ അഭിപ്രായം എഴുതി അയക്കുവാനുള്ള സൌകര്യവും കൂടി ഗവണ്മെണ്ടു് ചെയ്തു തന്നിട്ടുണ്ടു്.

മിസ്റ്റർ ജോസ്സു് കെ. വർഗ്ഗീസ്സു്: ഇതു് മെൻറൽ ആസ്പത്രിയിലേക്കും, മെറ്റേർണിറ്റി ആസ്പത്രിയിലേക്കും ബാധകമാക്കാമോ?

റാവുബഹദൂർ ടി. കെ. നായർ: മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിന്റെ കീഴിലുള്ള എല്ലാ ആസ്പത്രികളിലേക്കും ഇതു ബാധകമാണു്. ഇനി പ്രത്യേകിച്ചു് മെൻറൽ ആസ്പത്രിയിലേക്കും, മെറ്റേർണിറ്റി ആസ്പത്രിയിലേക്കും ബാധകമാക്കുവാൻ വിരോധമില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Is not the new order, Sir, more in the nature of a surprise visit?

Rao Bahadur T. K. Nayar *(Minister for Public Health):* It is in the nature of a surprise visit.

INDUSTRIAL CENTRE—CHERPU—PROFITS AND LOSS

213. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവണ്മെണ്ടു് മറുപടി പറയുമോ.—

(എ) കഴിഞ്ഞ 8 കൊല്ലങ്ങളിൽ ചേർപ്പു് ഇൻഡസ്ട്രിയൽ സെൻറിലെ ലാഭനഷ്ടം എത്ര;

(ബി) ലാഭനഷ്ടങ്ങളിലുള്ള വ്യത്യാസത്തിനു കാരണം എന്തു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) 1 1 1941 മുതലുള്ളതാണു് ചേർപ്പിൽ കൈത്തൊഴിലുകൾ ഏർപ്പെടുത്തിയതു്. അന്നുമുതലുള്ള ലാഭനഷ്ടം കാണിക്കുന്ന ഒരു സ്റ്റേറ്റുമെണ്ടു് അനുബന്ധമായി ചേർത്തിരിക്കുന്നു. *(Please see Appendix II)*

(ബി) അപ്പോഴത്തെ അങ്ങാടിനിലവാരം അനുസരിച്ചും സെക്ഷനിലെ പണി കുടുതൽ കുറവനുസരിച്ചും ലാഭേച്ഛത്തിനു വ്യത്യാസം വന്നിട്ടുള്ളതാണു്.

മിസ്റ്റർ പി. കെ. ഡീവർ: ഇതുകൊണ്ടു് നഷ്ടമോ, ലാഭമോ എതാണുള്ളതെന്നു പറയുവാൻ സാധിക്കുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: സൂക്ഷ്മമായിട്ടു പറയുവാൻ സാധിക്കുകയില്ല. കുറെ സാധനങ്ങൾ മാക്കറിംഗ് സൊസൈറ്റിയിലേക്കു് കൊണ്ടുപോയിട്ടുണ്ടു്. അതിന്റെ കണക്കു് കിട്ടീട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇതിൽ എന്തെങ്കിലും നഷ്ടം വന്നിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: എത്ര സംഖ്യ ഇറക്കീട്ടുണ്ടു്, അതിൽ എത്ര വരവുണ്ടു്; എത്ര കുറവുണ്ടു്; എന്നൊക്കെ പറയാം. മുഴുവൻ കണക്കു ഇപ്പോൾ ശരിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ : ഗ്രാമോദ്ധാരണ കേന്ദ്രത്തിൽ പല ഡിസക്ഷനായിട്ട് പല പണികളും നടത്തുന്നുണ്ടല്ലോ. ഇതെല്ലാം നഷ്ടത്തിലാണോ നടത്തുന്നത്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ഇപ്പോൾ ഇതൊന്നും നടക്കുന്നില്ല.

മിസ്റ്റർ പി. നാരായണമേനോൻ : നഷ്ടം വരുമെന്ന് വിചാരിച്ചിട്ടാണോ നടത്താത്തത്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ഗവൺമെണ്ടിൽനിന്ന് നടത്തീട്ട് ലാഭമില്ലെന്ന്, കണ്ടതുകൊണ്ട് നടത്തുന്നില്ലെന്ന മാത്രമേയുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ : ഇതു് ലാഭമില്ലാത്ത വ്യവസായമായിട്ട് ഗവൺമെണ്ടിനു് തോന്നീട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : എനിക്കു തോന്നുന്നതു് ഇതു് ഒരു ചെറിയ വ്യവസായമായതുകൊണ്ടാണു് ഇങ്ങിനെ വരുന്നതെന്നാണു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : ഇതു് ലാഭത്തിൽ നടത്തുവാനുള്ള കാര്യം ആലോചിച്ചാൽ എന്താണു് വിരോധം?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ് : ഇതിന്നു് ഒരു ഫണ്ടുണ്ടാക്കി വെച്ചിട്ടില്ലെ? പിന്നെ എന്തിനാണു് ഗവൺമെണ്ടു് ഇതിന്നു് റിസ്ക്ക് എടുക്കുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ഇതു് മുന്നുകൊല്ലത്തെ അനുഭവം കൊണ്ടുണ്ടായിട്ടുള്ളതാണു്, ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് ഫണ്ടുണ്ടു്. അതിൽനിന്നു് പണമെടുത്തു് നടത്തിയാലും ഇങ്ങിനെയല്ലെ വരാൻ പോകുന്നതെന്നുവെച്ചു് ചെയ്യാതിരിക്കുകയാണു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : ഗവൺമെണ്ടിൽനിന്നും സാമ്പത്തികസ്ഥിതിയെ പരിപോഷിപ്പിക്കുവാൻവേണ്ടി പല തൊഴിലുകളും സ്വീകരിച്ചു വരുന്നുണ്ടല്ലൊ. ആ കൂട്ടത്തിൽ ചേറ്റിൽ ഇൻഡസ്ട്രിയൽ സെൻററിൻെറ അടുത്തും പരിസരങ്ങളിലും എള്ളു് ആട്ടുന്ന ചക്കാന്മാർ എത്രയുണ്ടെന്നുള്ളതു് അറിയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അറിഞ്ഞുകൂടാ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : വലിയ വ്യവസായങ്ങൾ നടത്തുകയാണെങ്കിൽ ആദായം കിട്ടുമെന്നു് ബോദ്ധ്യമുണ്ടെങ്കിൽ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻവേണ്ടി അങ്ങിനെ നടത്തിക്കൂടെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ഇത" കൂടിൽ വ്യവസായമായിട്ടാണു് നടത്തിവരുന്നതു്. വലിയ തോതിൽ നടത്തിയാൽ നഷ്ടം വരികയില്ലായിരിക്കാം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : എന്നാൽ അതിനെപ്പറ്റി ആലോചിച്ചു കൂടെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അതിനെപ്പറ്റി ആലോചിച്ചുവരുന്നുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ : ഇതു് നാട്ടുകാർ കണ്ടു് അനുകരിക്കുന്നതിന്നു് കൂടിയല്ലെ ഉണ്ടാക്കീട്ടുള്ളതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അതുകൊണ്ടു് എത്രത്തോളം ഗുണമുണ്ടാകുമെന്നു് പരീക്ഷിച്ചു നോക്കുവാൻവേണ്ടിയാണു്.

മിസ്റ്റർ പി. നാരായണമേനോൻ : ഈ വ്യവസായം നാട്ടുകാർ കണ്ടു്, അതിനെ അനുകരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലെ തുടങ്ങിട്ടുള്ളതു"?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ആയിരിക്കാം.

മിസ്റ്റർ പി. നാരായണമേനോൻ? ഇതിൽ ആർക്കെങ്കിലും, എന്തെങ്കിലും ആദായമുള്ളതായിട്ടു ഗവൺമെണ്ടിന്നു" അറിയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : ഇതുകൊണ്ടു് വളരെ നഷ്ടമായിട്ടു് കാണുന്നുണ്ടു്. ആരാണു് ഇതിൻെറ വില നിശ്ചയിക്കുന്നതെന്നു് അന്വേഷിക്കാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : എള്ളാട്ടുന്ന കാര്യം ഞാൻ മുമ്പത്തെ പ്രാവശ്യം പറഞ്ഞുവല്ലൊ. അതിനു് ചുറ്റുപാടുമുള്ള ആളുകളെ അന്വേഷിച്ചില്ലെന്നു് മറുപടി പറഞ്ഞു. അതൊന്നും അന്വേഷിക്കാതെയാണോ ഇതൊക്കെ അവിടെ തുടങ്ങിവിട്ടിട്ടുള്ളതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : എല്ലാം ആലോചിച്ചിട്ടുതന്നെ ചെയ്തതായിരിക്കണം.

മിസ്റ്റർ എം. കെ. രാജ : ഇതിൽ ഓയിൽ പ്രസ്സിങ്ങു് എന്ന ഇനത്തിൽ വരവുകോളത്തിൽ ഒറ്റപൈപോലും കാണുന്നില്ല. സ്റ്റോക്ക് ചിലവും കാണിച്ചിട്ടുണ്ടു്. വരവുകോളത്തിൽ രണ്ടുകുത്തുമാത്രമേ കാണുവാനുള്ളു. അപ്പോൾ ഗവണ്മെണ്ടു് എണ്ണയാട്ടാൻ പോയിട്ടു കിട്ടിയ പ്രതിഫലം രണ്ടുകുത്തുമാത്രമാണെന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടതു്? (ചിരി).

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അങ്ങിനെയല്ല. അവരുടെ ശമ്പളവും ഒക്കെ കണക്കാക്കീട്ടാണു് ഇതിൽ വരവു മാത്രമില്ലെന്നു് കാണിച്ചിട്ടുള്ളതു്.

മിസ്റ്റർ എ. ഈച്ചരമേനോൻ : ഗ്രാമോദ്ധാരണ കേന്ദ്രത്തിൽ പ്രധാനമായിട്ടു് എന്തൊക്കെയാണു് ചെയ്യുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതു് ഒരു ഖാദി സെൻറായിട്ടാണു് ഇപ്പോൾ വർക്കു് ചെയ്യുന്നതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ഇതിൽ Shirting Section എന്നുള്ള നാലാം കോളത്തിൽ ലാഭം ഇനത്തിൽ ൧൯൪൫-ൽ ൈന കു. രൂ. മൈ കാണുന്നുണ്ടു്. അതുകൊണ്ടാണോ ഇതു് നിറുത്തിയതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ആ ഒരു ഇനംകൊണ്ടു് ലാഭം കണ്ടിട്ടില്ല. അതുകൊണ്ടു് നടത്തിക്കൊണ്ടുപോകാൻ സാധിച്ചില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ൧൯൪൩-ൽ നഷ്ടം കു. രൂ. ൪ പൈ നഷ്ടം വന്നു. ൧൯൪൪-ൽ ലാഭം കു. രൂ. ൪൩ പൈ മാത്രമെ നഷ്ടം വന്നിട്ടുള്ളു. ൧൯൪൫-ൽ ൈന കു. രൂണ. മൈ പൈ ലാഭം കിട്ടിയതായും കാണിച്ചിട്ടുണ്ടു് ആ സ്ഥിതിക്കു് കൊല്ലം തോറും നഷ്ടം കുറഞ്ഞുവരികയും ലാഭം കിട്ടിത്തുടങ്ങുകയും ചെയ്തതുകൊണ്ടാണൊ അതു് നിർത്തിയതു് എന്നാണു് ചോദ്യം.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ൧൯൪൩-ലും ൧൯൪൪-ലും ചിലവാക്കിയതായ സംഖ്യയുടെ തോതനുസരിച്ച ലാഭമല്ല ൧൯൪൫-ൽ കാണിച്ചിട്ടുള്ളതു്. അതുകൊണ്ടല്ല ഈ ലാഭം കണ്ടിട്ടുള്ളതു്. ഇതിനെക്കുറിച്ചു് ശരിയായ രീതിയിലുള്ള ഒരു കണക്കു് വെച്ചിട്ടില്ല. ൈന കു. രൂണ. വൈ പൈ ആ കൊല്ലത്തിലുണ്ടായ ലാഭംമാത്രമല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ൧൯൪൫ കർക്കടകമാസം നടപ്പാംനമ്പർക്കു് സ്റ്റോക്കു് വല്ലതും ബാക്കിയുണ്ടായിരുന്നുവൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ൧൯൪൫ അവസാനത്തിൽ കണക്കു് അവസാനിച്ചു. പിന്നെ എങ്ങിനെ ബാക്കി കാണും?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ൧൯൪൫-ൽ കൊല്ലം അവസാനിച്ചില്ലെ? ആ തിയ്യതിക്കു് ഈ സെൻററിൽ ഷർട്ടിങ്ങു് സെക്ഷനിൽ പത്തുവാര തുണിയെങ്കിലും ബാക്കിയുണ്ടൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ഇല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : സ്റ്റോക്കുള്ളപ്പോൾ ലാഭചേതക്കണക്കു് ഉണ്ടാക്കാൻ സാധിക്കുകയില്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ലാഭചേതക്കണക്കു് തയ്യാറാക്കാൻ സാധിക്കും. പക്ഷെ പല സാധനങ്ങളും മാക്കറിങ്ങു് സൊസൈറ്റിയാണു് കൊണ്ടുപോയിട്ടുള്ളതു്. അതുകൊണ്ടു് അവരുടെ കണക്കുംകൂടി കിട്ടിയാലെ ശരിയായ ഒരു ലാഭചേതകണക്കുണ്ടാക്കാൻ സാധിക്കയുള്ളു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇപ്പോൾ മാക്കറിങ്ങു് സൊസൈറ്റിയുടെ കയ്യിൽ എത്ര ഉല്പന്നികയുടെ stock ഉണ്ടെന്നറിയാമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഞാനല്ല ഇതൊക്കെ ചെയ്തിട്ടുള്ളതു് (ചിരി).

മിസ്റ്റർ പി. കെ. ഡീവർ: ഇതെല്ലാം നിർത്തിയതുകൊണ്ടു് എത്രപേർക്കു് തൊഴിലില്ലാതെയായിട്ടുണ്ടെന്നറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: തൊഴിലില്ലാതെയായിട്ടില്ല. അവക്ക് വേറെ വല്ല യ്ടത്തും ജോലിയുണ്ടാകും.

മിസ്റ്റർ പി. കെ. ഡീവർ: ഈ ആളുകൾക്കെല്ലാം ജോലി കിട്ടിയിട്ടുണ്ടോ എന്നറി യാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: തീച്ച് അറിഞ്ഞുകൂടാ.

മിസ്റ്റർ പി. കെ. ഡീവർ: അതിനെപ്പറ്റി വല്ല അന്വേഷണവും നടത്തീട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അന്വേഷണം നടത്തീട്ടില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: അവക്ക് യാതൊരു ഉദ്യോഗവും കിട്ടീട്ടില്ലെന്ന് അവർ പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ല.

HOURS OF WORK—BOATMEN AT CHOWWARA

214. Mr. S. P. Luiz *(Nominated):* Will Government be pleased to state.—

(*a*) what are the hours of work of boatmen, engaged in transport of cars at Chowwara;

(*b*) is the Government aware that even though the fee prescribed is 8 as. per car, they were collecting even Rs. 25 to 40 per car;

(*c*) is it a fact that private traffic is held up for hours together on the intimation that some State car is expected during the day ?

Rao Sahib K. Ayyappan *(Minister for Public Works):*

(*a*) The ferry boat is expected to be in service at all times.

(*b*) There have been representations from the public of irregularities of this nature.

(*c*) There have been some instances of short delays to private cars at times when the ferry has been given notice to be in readiness to transport some important State officers.

Mr. S. P. Luiz (*Nomiated*) : May I know, Sir, whether boatmen are expected to do work after 7 o'Clock in the evening?

Rao Sahib K. Ayyappan *(Minister for Public Works):* They are expected to be in readiness there after 7 o'Clock.

Mr. S. P. Luiz (*Nomiated*) : Do not the Government know that none of the boatmen are there after 7 o'Clock? Have Government received any complaint? What did the Government do regarding the complaint?

Rao Sahib K. Ayyappan *(Minister for Public Works) :* Government could not do anything in that matter. The complaint was received at the end of the year. The utmost that the Government can do is to cancel the contract. In this case there was no use of cancelling the contract at that time. Travancore Government also will have to be asked that the contract may not be given to that particular individual next time. No other punishment could be inflicted upon him.

Mr. P. Kumaran Ezhuthassan *(Vadakkancheri) :* With reference to answer (c) it is said that "there have been some instances of short delays in respect of private cars at times when the ferry has been given notice to be in readiness to transport some State Officers". Are we to understand, Sir, hat when the notice as is referred to here is given, does it mean that till that Officer crosses the ferry no other private car can cross it? Is that the position?

Rao Sahib K. Ayyappan *(Minister for Public Works):* As soon this delay was brought to the notice of the Government, the Ministers have instructed the ferry that no delay should be made for their sake.

Mr. P. Kumaran Ezhuthassan *(Vadakkancheri):* It is stated in answer to (c) "to transport some important State Officers". May I know who are the State Officers meant in the answer?

Rao Sahib K. Ayyappan *(Minister for Public Works) :* The Diwan and the Ministers.

Mr. P. Kumaran Ezhuthassan (*Vadakkancheri*): May I know whether the expression takes in only these high-placed Officers in view of that answer?

Rao Sahib K. Ayyappan *(Minister for Public Works):* Yes. At time, we will have to give notice to the ferry to keep in readiness. Suppose His Highness goes along that way, or the Diwan of Travancore. On such occasions we will have to make some arrangements.

Mr. P. Kumaran Ezhuthassan *(Vadakkancheri) :* Will the Executive Engineers of the P.W.D. come under these?

LIBRARY ARCHIVES Kerala Legislative Assembly

Highness' subjects to pay or to use a technical language, the purchasing value must be within the economic possibility and reach of the purchaser.

Shall I stop now, Sir.

Mr. Deputy President: Most welcome.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Sir, I have not finished and I would like to have 10 minutes more to-morrow.

Mr. Deputy President: I do not make any commitment in this respect.

Mr. P. Kumaran Ezhuthassan *(Vadakkancheri) :* Then let it be written in the proceedings.

Mr. P. Govinda Menon *(Minister for Food and Education):* You can begin afresh on the food question to-morrow *(Laughter).*

Mr. P. Kumaran Ezhuthassan *(Vadakkancheri):* If you think that I have not spoken anything about food to-day, that shows your want of reception.

Mr. Deputy President: I think we can close for the day.

The House rose for the day at 5 p. m.

N. S. RADHAKRISHNA SARMA

Secretary to the Council

APPENDIX I

(Please see answer to Question No. 212)

Copy of the remarks

"Visited the dispensary at 4-30 p.m. on 20th Kanni 1122. Found everything in order.

We regret to learn that no reply of any sort has been received for our remarks of our previous meeting. We believe that we deserve at least the courtesy of a reply.

We reiterate the remarks of our previous meeting.

Before any departmental ward construction is made, we recommend that a consultation with the "M. A. Korath Memorial Fund Committee" may be made as we understand that the Committee is ready to offer the amount needed for a ward construction.

Sd/—Messrs. K. C. ABRAHAM
K. KRISHNA MENON
K. A. ACHUTHAN
M. C. VERGHESE
K. A. RAGHAVAN."

APPENDIX II

(Please see answer to Question No. 213)

Tooth Powder Section

Year	Expenditure			Receipt			Loss			Profit		
	Rs.	A.	P.	Rs.	A.	P.	Rs.	A.	P.	Rs.	A.	P.
1119 ..	298	0	0	135	3	0	162	13	0	..		
1120 ..	392	0	0	240	2	11	151	13	1	..		
1121 ..	444	0	0	118	2	9	325	13	3	..		
Total ..	1,134	0	0	493	8	8	640	7	4	..		

LIBRARY ARCHIVES Kerala Legislative Assembly

Photo Frames and Slates Section

Year	Expenditure Rs. A. P.	Receipt Rs. A. P.	Loss Rs. A. P.	Profit Rs. A. P.
1119 ..	305 0 0	87 5 10	217 10 2	..
1120 ..	452 0 0	601 3 5	..	149 3 5
1121 ..	566 0 0	403 13 5	162 2 7	..
Total ..	1,323 0 0	1,092 6 8	379 12 9	149 3 5

Oil Pressing Section

1119 ..	64 0 0	..	64 0 0	..
1120 ..	392 0 0	58 12 0	333 4 0	..
1121 ..	444 0 0	165 1 5	278 14 7	..
Total ..	900 0 0	223 13 5	676 2 7	..

Shirting Section

1119 ..	344 0 0	11 2 8	332 13 4	..
1120 ..	392 0 0	166 2 7	235 13 5	..
1121 ..	444 0 0	1,236 6 8	..	792 6 8
Total ..	1,180 0 0	1,413 11 11	568 10 9	792 6 8

Brush Section

1119 ..	..	..	..	..
1120 ..	1,042 0 0	3 13 3	1,038 2 9	..
1121 ..	446 8 0	124 5 0	322 3 0	..
Total ..	1,488 8 0	128 2 3	1,360 5 9	..

Dyeing Section

1119 ..	333 7 0	17 4 2	316 2 10	..
1120 ..	657 0 0	..	657 0 0	..
1121 ..	172 5 0	..	172 5 0	..
Total ..	1,162 12 0	17 4 2	1,145 7 10	..

LIBRARY ARCHIVES Kerala Legislative Assembly